II അടിയന്തരപ്രമേയം

കണ്ടൽ കാടുകളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

മി. സ്പീക്കർ : കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെയും വനം പരിസ്ഥിതി നിയമങ്ങളിലെയും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 9.30 AM സി.ആർ.ഇസഡ്.1-ൽപ്പെട്ടതും ദേശാടനപക്ഷികളുടെ ആവാസകേന്ദ്രവുമായ വളപട്ടണം പുഴയോരത്തുള്ള കണ്ടൽ കാടുകളിൽ അനധികൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയാൻ കേന്ദ്ര പരിസ്ഥിതി വകുപ്പു നൽകിയ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പരിസ്ഥിതിക്ക് വിനാശകരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടെന്നും ഇതിന്മേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ, കെ. വി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, വളപട്ടണം പുഴയോരത്ത് പാപ്പിനിശ്ശേരി പഞ്ചായത്തിൽ സി.ആർ.ഇസഡ്.1-ൽപ്പെട്ട ഭാഗത്ത് കണ്ടൽ തീം പാർക്കിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയെന്നും അതിനാൽ പാർക്കിന്റെ പ്രവർത്തനം നിറുത്തിവയ്ക്കണമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ കോസ്റ്റൽ സോൺ മാനേജുമെന്റ് അതോറിറ്റി ചെയർമാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സംഘം ഇന്നോ നാളെയോ സ്ഥലം സന്ദർശിക്കും. അവർ നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് രണ്ടാഴ്ചയ്ക്കകം ചെയർമാൻ കേന്ദ്രത്തിന് റിപ്പോർട്ട് നൽകും. പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാർക്കിന്റെ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കാൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ചെയർമാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അതീവ ഗുരുതരമായ ഒരു വിഷയമാണ് ഞാൻ ഇവിടെ ഉന്നയിച്ചത്. ആഗോള താപനത്തിനെതിരായും കാലാവസ്ഥാ വ്യതിയാനങ്ങൾ നിയന്ത്രിക്കാൻ വേണ്ടിയും ചർച്ചകൾ നടത്തിയ സഭയാണിത്. വളപട്ടണം മേഖലയിലെ കണ്ടൽ കാടുകൾ കയ്യേറി അവിടെ അനധികൃതമായി നിയമം ലംഘിച്ചുകൊണ്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയണമെന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പ് ആവശ്യപ്പെട്ടിട്ടും നടപടിയെടുക്കാത്ത ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. വളപട്ടണം കണ്ടൽ കാടുകൾ അപൂർവ്വമായ ഒരു ജൈവ വൈവിദ്ധ്യ സങ്കേതമാണ്. പതിനായിരം

LIBRARY ARCHIVES Kerala Legislative Assembly

അത്യപൂർവ്വമായ ദേശാടനപക്ഷികളുടെ ആവാസകേന്ദ്രമായ ഈ പ്രദേശം ഇക്കോളജിക്കലി ഫ്രജൈൽ സോൺ എന്ന് പ്രഖ്യാപിക്കാൻ വനം വകുപ്പ് ശുപാർശ ചെയ്ത ഒരു മേഖലയാണ്. ഇവിടെ മനുഷ്യന്റെ ഒരു ചെറിയ ഇടപെടൽപോലും പ്രശ്നങ്ങളുണ്ടാക്കും. അവിടെയാണ് പാപ്പിനിശ്ശേരി ഇക്കോ ടൂറിസം സൊസൈറ്റി ഒരു മാൻഗ്രോവ് പാർക്ക് നിർമ്മിച്ച് ഇപ്പോൾ അവിടെ മഴ ഉൽസവം നടക്കുകയാണ്. ഇവിടെ സംസ്ഥാന ഗവൺമെന്റിന്റെ കോസ്റ്റൽ റെഗുലേറ്ററി സോൺ അനുസരിച്ചുതന്നെ ഏറ്റവും പ്രധാനപ്പെട്ട സി:ആർ.ഇസഡ്.1 കാറ്റഗറിയിലാണ് വളപട്ടണം കണ്ടൽ കാടിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പറയുന്നത് സി.ആർ.ഇസഡ്.1 കാറ്റഗറിയിൽ എന്തെല്ലാം ആകാം, "No new construction shall be permitted in CRZ-1 except projects relating to Department of Atomic Energy, Pipelines, conveying systems, facilities that are essential for activities permissible under CRZ-1, installation of weather radar for monitoring....." തുടങ്ങിയ ഏറ്റവും പരിമിതമായ പ്രവർത്തനങ്ങളാണ് അവിടെ ചെയ്യാൻ കഴിയുന്നത്. അവിടെ എല്ലാ പട്ടങ്ങളും വംശനാശം വരുത്തിക്കൊണ്ടാണ് നിർമ്മാണം നടത്തുന്നത്. വളപട്ടണം പാപ്പിനിശ്ശേരി ഇക്കോ ടൂറിസം സൊസൈറ്റി, വളരെ വിചിത്രമാണ്. അവർ നാച്ച് പ്രോജക്ടാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ചെയ്ത് ക്കൂടാ, റൂഡ് കോർട്ട്, റിക്രിയേഷൻ സെന്റർ; കോൺഫറൻസ് ഹാൾ എന്നിവയാണ്. ഇതെല്ലാം പാരിസ്ഥിതികമായ അവബോധം ഉണ്ടാക്കും. കച്ചവട കണ്ണോടുകൂടി, ലാഭം മാത്രം ലക്ഷ്യമാക്കിയാണവിടെ ഈ സംഘടന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇതിനെതിരായി കണ്ണൂർ ജില്ലാ പരിസ്ഥിതി സൊസൈറ്റിയും മലബാർ നാച്ചുറൽ ഹിസ്റ്റോറിക് സൊസൈറ്റിയും ശ്രീ. കെ. സുധാകരൻ എം.പി.യും, ശ്രീ എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.യും പരാതി കൊടുത്തു. പരാതിയെ ആധാരമാക്കി ഇന്ത്യാ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്സ് അവിടെ സന്ദർശിച്ചു. അവർ പറയുന്നത്, "The visit report indicated that the mangrove theme park Pappinissery is being undertake on tidal flats, mangroves and abandoned filtration ponds, which has very thick mangrove vegetation and construction of shop like structures, observations points, floating restaurants are being made on wooden planks within the mangrove theme park including in the filtration ponds by reclamation and bridges, jetties, wooden planks and about 950m of bund are being widened into road of about 2-3m width for moving around the theme park" . ഇങ്ങനെ സി.ആർ.ഇസഡ്.1 എന്ന് പറയുന്ന പ്രദേശത്ത് ചെയ്യാൻ പാടില്ലാത്ത എല്ലാ കാര്യങ്ങളും ആരുടെയും അനുവാദം വാങ്ങിക്കാതെ സി.ആർ.ഇസഡ് അതോറിറ്റിയുടെ അനുവാദം വാങ്ങിച്ച് നടന്നുകൊണ്ടിരിക്കുന്നു. ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യപ്പെട്ടു. ആ കേസിന്റെ അഫിഡവിറ്റിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി അഫിഡവിറ്റ് നൽകിയ സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ടുമെന്റിന്റെ അണ്ടർ സെക്രട്ടറി പറയുന്നത്, "It is an ecologically sensitive and important

LIBRARY ARCHIVES Kerala Legislative Assembly

area. It is submitted before this Honorable court as far as paragraph 4 is concerned that no developmental activities can be permitted in CRZ-1 Category 1 area. Any construction activities which are not specified in the CRZ Notification will amount to gross violations of Provisions of CRZ". ഇത് പറയുന്നത് കേന്ദ്ര ഗവൺമെന്റല്ല. സംസ്ഥാന ഗവൺമെന്റിന്റെ സയൻസ് ആന്റ് ടെക്നോളജി സെക്രട്ടറി കൊടുത്ത അഫിഡവിറ്റാണ് ഇത്. വീണ്ടും പറയുന്നു, "It is submitted that reclamation of CRZ area for commercial purpose is prohibited as per CRZ Notification. No reclamation can be permitted for hotels, commercial purposes and entertainment activities as per programmes of permissible activities under the notification. Road constructed on the area will amount to violations of provisions of CRZ Notification". ഇത് പറയുന്നത് സംസ്ഥാന ഗവൺമെന്റിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പാണ്. മുഖ്യമന്ത്രിയുടെ വകുപ്പാണ്. അതിനുശേഷം കേരള ഗവൺമെന്റിന്റെ സംഘം അവിടെ സന്ദർശിച്ചു. അത് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ സയന്റിസ്റ്റ് ഡോ. കെ. വി. തോമസ്, കണ്ണൂർ ഡി.എഫ്.ഒ. ശ്രീ. റോയി പി. തോമസ്, കണ്ണൂർ ഇ. ഇ. ശ്രീമതി പി. മൃദുല, തളിപ്പറമ്പ ആർ.ഡി.ഒ. ശ്രീ. ബി. അബ്ദുൾ നാസർ എന്നിവരായിരുന്നു. അവർ പറയുന്നു, "The park is build on ecologically sensitive and important area. The area is included in the CRZ-1 as per map 66A of Kerala Coastal Zone Management Plan. The bund roads have been widened for the theme park by filling up the tidal flat/ filtration pond and the banks have been strengthened with mud and laterite blocks. Mud from the site itself was used for filling along with some soil from outside indicating reclamation of the area. On path ways built by mud from the mangroves the signs of Life were seen". അവസാനം പറയുന്നു, "However it was noted that the theme park is more of commercial venture than a conservation project". പരിസ്ഥിതി സംരക്ഷിക്കാനെന്നുള്ള വ്യാജേന അവിടെ നടക്കുന്നത് കച്ചവട കണ്ണോടെയുള്ള കയ്യേറ്റമാണ്. ഇത് നിയന്ത്രിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയാണ്. രക്ഷാധികാരി ശ്രീ. ഇ. പി. ജയരാജൻ, എക്സ് എം.എൽ.എ. ഇവിടെ പരിസ്ഥിതിക്കുവേണ്ടി മൂന്നാർ കയ്യേറ്റം തടയാൻ മുഖ്യമന്ത്രി ശ്രമിക്കുന്നു. പരിസ്ഥിതിക്കുവേണ്ടി വന്നിയ പ്രവർത്തനമുണ്ടായപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ ഭരണത്തിന്റെ പിൻബലത്തിൽ എല്ലാ നിയമവും ലംഘിച്ചുകൊണ്ട് നടത്തുന്ന കയ്യേറ്റം തടയാനായി ദയവായി മുഖ്യമന്ത്രി ഇടപെടണം. അതീവ ഗൗരവതരമായ ഈ സാഹചര്യം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നയസമീപനങ്ങളാണ് ഞാൻ ആദ്യം വിവരിച്ചത്. ബഹുമാനപ്പെട്ട അംഗം സ്റ്റേറ്റ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ കാര്യവും ഇവിടെ വിവരിച്ചുകഴിഞ്ഞിരിക്കുകയാണ്. ആ അടിസ്ഥാനത്തിൽ പ്രശ്നം സീരിയസായി തന്നെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത് വ്യക്തമായിരിക്കെ പിന്നെ ഈ അടിയന്തര പ്രമേയത്തിന്റെ ആവശ്യമെന്താണെന്നാണ് ഞാൻ ചോദിക്കുന്നത്. അതിന്റെ ആവശ്യമില്ല. അതുകൊണ്ട് സഭ നിറുത്തിവച്ച് വെറുതെ സമയം കളയേണ്ട യാതൊരു ആവശ്യവുമില്ല. ബഹുമാനപ്പെട്ട സ്പീക്കറുടെ സമയം വെറുതെ അപഹരിക്കാൻ ശ്രമിക്കരുത്. സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, മുഖ്യമന്ത്രിയുടെ മറുപടി കുറ്റബോധത്തോടുകൂടിയുള്ള ഒരു കുറ്റസമ്മതം തന്നെയാണ്. അങ്ങയെ ഒരു കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. അങ്ങയുടെ വകുപ്പാണ് ഇതിന്റെ അഫിഡവിറ്റ് ഹൈക്കോടതിയിൽ കൊടുത്തത്. സത്യം തന്നെയാണ് എഴുതിയിരിക്കുന്നത്. പക്ഷേ ജൂലൈ 14-ാം തീയതി ഈ പാർക്ക് പൂട്ടണമെന്ന നിർദ്ദേശം സംസ്ഥാനത്തിന് കിട്ടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജൂലൈ 19-ാം തീയതി രാവിലെ 9.30-ന് മറുപടി പറയുമ്പോൾ ആ കണ്ടൽ തീം പാർക്ക് പൂട്ടിയതായിട്ട് പറഞ്ഞിട്ടില്ല. കളക്ടർക്ക് നിർദ്ദേശം കൊടുത്തു. കളക്ടറുടെ കൈയിൽ നിന്ന് എപ്പോഴാണ് ഇത് പൂട്ടാൻ നിർദ്ദേശം കിട്ടുന്നതെന്ന് അറിയില്ല. കേന്ദ്രത്തിന്റെ ഒരു നിർദ്ദേശം വന്നിട്ട് അത് ശരിയാണെന്ന് നൂറ് ശതമാനം അംഗീകരിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ എന്തുകൊണ്ട് ഈ പാർക്ക് ആ നിമിഷത്തിൽ പൂട്ടിയില്ല. മുഖ്യമന്ത്രി അതിന് മറുപടി പറയണം. മുഖ്യമന്ത്രിയുടെ വകുപ്പാണ്. ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റൊക്കെ ശരിയാണ്. പക്ഷേ കേന്ദ്രത്തിൽ നിന്ന് ഈ നിർദ്ദേശം കിട്ടിയിട്ടും അങ്ങ് ഇത് പൂട്ടാതെ അവിടെ മഴയുത്സവം നടത്താൻ അനുവദിച്ചത് ഈ നാടിന് അപമാനകരമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് അഫിഡവിറ്റ് കൊടുത്ത അവസരത്തിൽത്തന്നെ കേന്ദ്രത്തിന്റെ നിർദ്ദേശത്തിന് കാത്തിരിക്കാതെ ഇത് പൂട്ടിക്കേണ്ടതായിരുന്നു. ഇവരുടെ ഒരു മാപ്പ് അങ്ങയുടെ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഉണ്ടാക്കിയിട്ടുണ്ട്. Coastal Zone Management Plan Map of Kerala prepared by Centre for Earth Science Studies under the State Council of Science and Technology. ആ മാപ്പിൽ ഈ കണ്ടൽക്കാട് തീം പാർക്കിന്റെ ഏരിയ മുഴുവൻ കോസ്റ്റൽ സോൺ-1 ആയി മാർക്ക് ചെയ്തിട്ടുണ്ട്. അത് നേരിട്ടറിഞ്ഞിട്ടും, കേന്ദ്ര ഗവൺമെന്റിന്റെ അറിയിപ്പ് കിട്ടാൻവേണ്ടി മാത്രം കാത്തിരിക്കാതെ പൂട്ടിക്കേണ്ടതായിരുന്നു. അതിനേക്കാൾ ഗുരുതരമായിട്ടുള്ള ഒരു തെറ്റു കാണിച്ചിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അത് ബോദ്ധ്യപ്പെട്ടിട്ടും തിരുത്താതിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും ഭീകരമായിട്ടുള്ളത്. ഇന്നലെവരെ ശ്രീ. ഇ. പി. ജയരാജനും പാർട്ടിക്കാരുമാണ് തെറ്റ് ചെയ്തതെങ്കിൽ ഇന്ന് പ്രതിക്കൂട്ടിൽ മുഖ്യമന്ത്രിയും ഈ ഗവൺമെന്റുമാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തെറ്റാണെന്ന് അറിഞ്ഞിട്ടും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം കിട്ടിയിട്ടും ചെയ്തിട്ടില്ല..... ചോദിക്കുകയാണെങ്കിൽ ചോദിച്ചോളൂ. ഞാൻ ഇരിക്കാം. ഏതു ചോദ്യത്തിനും ഞാൻ മറുപടി പറയാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, പ്രതിപക്ഷ നേതാവ് ഈ സ്ഥലം കണ്ടിട്ടുണ്ടോ ? അവിടെ ഈ റോഡിന്റെ രണ്ടുഭാഗത്തും കണ്ടൽക്കാടുണ്ട്. റോഡിന്റെ കിഴക്കുഭാഗത്താണിത്. പടിഞ്ഞാറ് ഭാഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഇക്കോ ടൂറിസം പ്രോജക്ടിന് 54 ലക്ഷം രൂപ ഈ വർഷം അനുവദിച്ചതായി അങ്ങേക്ക് അറിയുമോ ? അതുപോലെതന്നെ അവിടെ ഈ പറയുന്ന എട്ട് ഏക്കർ സ്ഥലം പരിപൂർണ്ണമായി സഹകാര്യ വ്യക്തിയുടെ കൈയിൽ നിന്ന് സൊസൈറ്റി പണം കൊടുത്ത് വാങ്ങിയതാണെന്ന കാര്യം അങ്ങേക്ക് അറിയുമോ ? അതുപോലെതന്നെ ഉപ്പുവെള്ളം തടയുന്നതിന് അവിടെ മൂന്ന് ബണ്ടുകളുണ്ട്. ആ ബണ്ടുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. ആ നിലയ്ക്ക് ഇത് രാഷ്ട്രീയപ്രേരിതമായി ശ്രീ. കെ. സുധാകരൻ മുൻകൈയെടുത്തുകൊണ്ട് ഒരു ന്യായീകരണവുമില്ലാതെ അടച്ചുപൂട്ടാൻവേണ്ടി തീരുമാനിച്ചതാണ്. എന്നതല്ലേ സത്യം ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് ഈ കാര്യം ഇവിടെ ചോദിച്ചത് നന്നായി. ശ്രീ. ബിനോയ് വിശ്വം ഈ ചോദ്യം വരരുതെന്ന് കരുതി തറകുനിച്ചാണ് അവിടെ ഇരുന്നത്. എന്താണെന്ന് അറിയാമോ ? ശ്രീ. ബിനോയ് വിശ്വത്തിന്റെ ഡിപ്പാർട്ട്മെന്റ് 2006-07-ൽ ഒരു പ്രത്യേക പദ്ധതിയുണ്ടാക്കി. ആ പദ്ധതിയനുസരിച്ച് ഈ പ്രദേശം പരിസ്ഥിതി ദുർബ്ബല പ്രദേശമായിട്ട് പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ടു. സി.സി.എഫ്. കൗൺസിൽ ഈ ആവശ്യം ഉന്നയിച്ച് ഗവൺമെന്റിലേയ്ക്ക് അയച്ചു. മാൻഗ്രോവ് കൺസർവേഷൻ ഫണ്ടിൽ നിന്ന് ഇങ്ങനെയൊരു സ്കീം ഉണ്ടാക്കിയിട്ടുണ്ടെന്ന് പറഞ്ഞ് 55 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്നും വാങ്ങി. എന്നിട്ട് സംസ്ഥാന ഗവൺമെന്റ് ഇതുവരെ പരിസ്ഥിതി ദുർബ്ബല പ്രദേശമായിട്ട് പ്രഖ്യാപിച്ചിട്ടില്ല. പരിസ്ഥിതി ദുർബ്ബല പ്രദേശമായി ഇത് പ്രഖ്യാപിക്കണമെന്ന് വനം വകുപ്പ് ആവശ്യപ്പെട്ട് അതിന്റെ പേരിൽ പിന്തുണ്ടിന പ്രത്യേക കണ്ടൽ ഇനങ്ങൾ വളരുന്ന പ്രദേശമാണെന്ന് പറഞ്ഞുകൊണ്ടാണ് 55 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്ന് വാങ്ങിയത്. എന്നിട്ട് ഇത് പരിസ്ഥിതി ദുർബ്ബല പ്രദേശമായി ഇതുവരെ പ്രഖ്യാപിക്കാതെയാണ് ഈ കൈയേറ്റം നടത്തിയിരിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഈ സൊസൈറ്റി ഒരൊറ്റയൊരു കണ്ടൽച്ചെടിയെങ്കിലും വെട്ടിയിട്ടുണ്ടെന്നും ഏതെങ്കിലും കല്ലുപയോഗിച്ചുകൊണ്ട് എന്തെങ്കിലും ഒരു കൺസ്ട്രക്ഷൻ അവിടെ നടത്തിയിട്ടുണ്ടെന്നും തെളിയിക്കാൻ സാധിക്കുമോ ? അതിന് തൊട്ട് ഇപ്പുറത്ത് ഒരു കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകനായ രാമചന്ദ്രൻ എന്നയാളുടെ രണ്ട് ഏക്കർ സ്ഥലത്തെ കണ്ടൽക്കാട് നിങ്ങളുടെ നേതൃത്വത്തിൽ അവിടെ വെട്ടിനശിപ്പിക്കുകയാണ്. അത് എന്തുകൊണ്ടാണ് തടയാൻ സാധിക്കാത്തത് ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇത് നിങ്ങളുടെ ഗവൺമെന്റ് കൊടുത്ത അപ്രൂഡവിറ്റാണ്. അതിനകത്ത് ഒരു വാചകം അങ്ങ് കേൾക്കണം. ഇങ്ങനെ ചോദ്യം ചോദിക്കുന്നതുകൊണ്ടാണ് ഇതൊക്കെ പറയേണ്ടിവരുന്നത്. "Road constructed on the area will amount to violations of provisions of CRZ Notification 1991". ആ റോഡ് ഉണ്ടാക്കിയത് തന്നെ CRZ-ന്റെ വയലേഷനാണെന്ന് നിങ്ങളുടെ ഗവൺമെന്റ് കൊടുത്തിരിക്കുന്നു. നമ്മുടെ വനം വകുപ്പുമന്ത്രി അവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹം ഒരു വലിയ പരിസ്ഥിതി സംരക്ഷകനാണ്. ഞാൻ അങ്ങയെ എതിർക്കുന്നില്ല. പക്ഷേ എന്താണ് ഇത്രയും വലിയ വയലേഷൻ വന്നിട്ട് വനം വകുപ്പ് മിണ്ടാതിരിക്കുന്നത്. എന്തുകൊണ്ടാണ് പരിസ്ഥിതി ദുർബ്ബല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞ് നിങ്ങളുടെ കൈയിൽ കിട്ടി മൂന്നുവർഷമായിട്ടും അതിനേൽ നടപടി എടുക്കാതിരിക്കുന്നത് ? ശ്രീ. കെ. വി. രാജേന്ദ്രൻ, അങ്ങയോട് എനിക്കൊരു ചോദ്യമുണ്ട്. തീരപ്രദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഒരു കൊച്ചുവീടു വയ്ക്കുന്നതിന് തീരദേശ നിയമം എതിരാണെന്നു വന്നപ്പോൾ നമ്മളൊന്നിച്ചാവശ്യപ്പെട്ടു. ഈ കണ്ടൽ പാർക്ക് ഉണ്ടാക്കാൻ വേണ്ടി കാണിച്ച തന്റേടമെന്താ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഒരു വീട് വയ്ക്കുന്ന കാര്യത്തിൽ നിങ്ങൾ കാണിക്കാതിരുന്നത് ? അവിടെ നിങ്ങൾ പറഞ്ഞു, തീരദേശ പരിപാവന നിയമത്തിന് തടസ്സമുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഒന്ന് തല ചായ്ക്കാൻ ഒരിടം കൊടുക്കാൻ വേണ്ടിയുള്ളിടത്ത് നിയമ തടസ്സം....(ബഹളം).....

മി. സ്പീക്കർ : യെസ്..... യെസ്.....

ശ്രീ. ഉമ്മൻ ചാണ്ടി : പാവപ്പെട്ടവന് ഒരു വീട് വയ്ക്കുന്നതിന് നിയമം തടസ്സം, ശ്രീ. ഇ. പി. ജയരാജന് കണ്ടൽ തീം പാർക്കുണ്ടാക്കാൻ ഇവിടെ നിയമങ്ങളൊന്നും ബാധകമല്ല. ശ്രീ. ബിനോയ് വിശ്വം, ഇതാണോ നിങ്ങളുടെ പരിസ്ഥിതി നയം ? ഇതാണോ നിങ്ങളുടെ വനം നയം ? കേന്ദ്ര ഗവൺമെന്റിൽ നിന്ന് 55 ലക്ഷം രൂപ വാങ്ങിയിട്ട് ഇതിന്റെ പേരിൽ പാർട്ടിക്കും പാർട്ടിക്കാർക്കും എന്തുമാകാം, എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. അപ്പോൾ നിയമങ്ങളൊന്നും തടസ്സമല്ല. പാവപ്പെട്ട ജനങ്ങൾക്ക് ഒരു ആവശ്യമുണ്ടെങ്കിൽ അവിടെ നിയമ തടസ്സം സർക്കാരിന്റെ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. സി ജോർജ് : സർ, ഇത് കേരളത്തിനും രാജ്യത്തിനുതന്നെ അപമാനകരമായ ഒരു സ്ഥിതിയാണ്. കാരണം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഞാൻ മനസ്സിലാക്കിയിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഏതുവിധത്തിലും പണമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റാണ് പ്രവർത്തിക്കുന്നത് എന്ന് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ആരോപിക്കുകയാണ് പാരിസ്ഥിതിക പ്രശ്നമുണ്ടാക്കി, വനം നശീകരണത്തിന് മതികെട്ടാനിലേക്ക് തന്റേടത്തോടുകൂടി യാത്ര നടത്തിയ ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ഇന്ന് മുഖ്യമന്ത്രിയായിട്ടിരിക്കുന്നത്. വളന്തക്കാട് പാരിസ്ഥിതിക പ്രശ്നം ഉണ്ടാക്കുന്നുവെന്ന് പറഞ്ഞപ്പോൾ അതിന് വഴക്കുണ്ടാക്കിക്കൊണ്ടിരുന്ന വ്യവസായ വകുപ്പുമന്ത്രി, ഇപ്പോൾ പാരിസ്ഥിതിക പ്രശ്നം മറ്റൊന്നായി. എങ്ങനെ പണം ഉണ്ടാക്കണം, അതിനപ്പുറത്ത് മറ്റൊന്നുമില്ല എന്ന വിനാശഗതിയുമായി പോകുന്ന ഒരു മുന്നണി നേതൃത്വവും ഗവൺമെന്റും അതിന് കൂട്ടുനിടിക്കേണ്ട പാർട്ടിയും എന്നത് ഈ സംസ്ഥാനത്തിന് അപമാനകരമാണ്. ഞാൻ പോദിക്കട്ടെ, പാറ്റിനിശ്ശേരി പഞ്ചായത്ത് കേരളത്തിന്റെ ഭാഗമല്ലേ ? കേരളത്തിൽ നിലനിൽക്കുന്ന നിയമം ഈ പ്രദേശത്ത് പ്രാവർത്തികമാക്കാൻ ബാദ്ധ്യതയില്ലേ ? മതികെട്ടാനിലേക്ക് യാത്ര നടത്തിയ ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലെയുള്ള ഒരാൾ മുഖ്യമന്ത്രിയായുള്ള ഒരു ഗവൺമെന്റിന്റെ കാലത്ത് ഇവിടെ മഴനൃത്തവും മഴ ഉത്സവവും നടത്താൻ വേദി ഒരുക്കിക്കൊടുക്കുന്നു എന്നുപറയുന്നത് അപമാനകരമാണ്. തിരുവനന്തപുരത്ത് നടക്കാൻ പോകുന്നവരിൽനിന്നും ഫീസിനത്തിൽ എത്ര കോടി രൂപയുണ്ടാക്കാൻ പറ്റും. പാറ്റിനിശ്ശേരിയിലൂടെ നടക്കാൻ പോകുന്നവരിൽനിന്നും 10 രൂപവച്ച് ഫീസ് വാങ്ങിക്കൊണ്ടിരിക്കുകയാണ്. പാരിസ്ഥിതിക പ്രശ്നം തകർത്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിക്ക് പണമുണ്ടാക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്ത നിയമത്തെപ്പോലും പുല്ലുവില കൽപ്പിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ വി. സി. ജോർജും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. കുട്ടി\അഹമ്മദ് കുട്ടി : സർ, പരിസ്ഥിതി സംരക്ഷണത്തിന് ഒട്ടേറെ പണം വകയിരുത്തി പരിത ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നു എന്നുപറഞ്ഞ് ഊറ്റം കൊള്ളുന്നവരാണ് അപ്പുറത്തിരിക്കുന്നവർ. ഈ ഗവൺമെന്റ് പറഞ്ഞത് ഞങ്ങൾ പരിസ്ഥിതി സംരക്ഷകരാണ് എന്നാണ്. സത്യത്തിൽ ഇവിടെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് ? ശോഭ ഐറെടെക് സിറ്റിക്കുവേണ്ടി വളന്തക്കാട് കണ്ടൽ കാടുകൾ നശിപ്പിക്കുകയും തണ്ണീർത്തടങ്ങൾ നികത്തുകയും പരിസ്ഥിതി നിയമങ്ങളെ കാറ്റിൽ പറത്തുകയും ചെയ്തുകൊണ്ട് പാറ്റിനിശ്ശേരി ഇക്കോ ടൂറിസം സൊസൈറ്റി മാൻഗ്രോവ് തീം പാർക്ക് എന്ന പേരിൽ സി.ആർ.ഇസഡ്-1 ആയി നോട്ടിഫൈ ചെയ്ത പ്രദേശത്ത് നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡിപ്പാർട്ടുമെന്റിലെ അണ്ടർ സെക്രട്ടറി ഹൈക്കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളതാണ്. എന്നിട്ട് മുഖ്യമന്ത്രി ഇറിടെ വന്നുപറഞ്ഞത് ദൗർഭാഗ്യകരമായിപ്പോയി എന്നാണ്. ഒരുപക്ഷേ അദ്ദേഹത്തിന്റെ ഉള്ളു കാട്ടുവാനുള്ള പ്രയാസമാണോ എന്നറിയില്ല.

"തന്നതില്ല പരതുള്ളി കാട്ടുവാൻ

തനതുഭാഗമൊന്നുമീശ്വരൻ

ഇന്നു ഭാഷയിന്നതപൂർണ്ണമന്നതോ

..... അർത്ഥശങ്കയാൽ"

എന്ന ഒരു വിചാരമാണോ അങ്ങേയ്ക്കുള്ളത് എന്ന് എനിക്കറിയില്ല. അതോ അങ്ങും മാറിപ്പോയോ ? ഗവൺമെന്റിന്റെ പരിസ്ഥിതി സംഹാരത്തിനായി നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് അങ്ങ് യെസ് മൂളുകയാണോ ? അങ്ങയുടെ ഡിപ്പാർട്ടുമെന്റാണ് പറഞ്ഞത്. അതുപോലെ കേന്ദ്ര ഗവൺമെന്റ് പരിസ്ഥിതി വകുപ്പിൽനിന്ന് ഇത് നിരോധിക്കാൻ നിയമം കൊടുത്തു. എന്നിട്ട് ഇവർ എന്താണ് നടത്താൻ പോകുന്നത് എന്ന് അറിയാമോ ? മഴ നൃത്തമല്ല പരിസ്ഥിതി സംഹാരതാണ്ഡവമാണ് അവർ നടത്തുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനു ശേഷം വീണ്ടും പ്രാജരായി.)

III ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. യു. സി. രാമൻ : സർ, ഞാൻ നേരത്തെ നിരവധി തവണ ഉന്നയിച്ച വിഷയങ്ങൾ ഒന്നുകൂടി ആവർത്തിക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പറഞ്ഞാൽ തീരാത്ത അത്ര പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. എല്ലാം പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസമില്ലെങ്കിൽപ്പോലും പരമാവധി ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കറണ്ട് പോയാൽ ജനറേറ്റർ ഇല്ലാത്തതുകാരണം മണിക്കൂറുകളോളം സി.ടി. സ്കാൻ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അതുപോലെ വളരെപഴകിയ എക്സ്റേ മെഷീനാണ് ഉപയോഗിക്കുന്നത്. അവിടെ പുതിയ മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. കാഷ്വാലിറ്റിയിൽ സി.ആർ. സിസ്റ്റം നടപ്പിലാക്കിയതുകൊണ്ട് എക്സ്റേയുടെ വിലിം ഒരുപാട് ലാഭമാണ്. അതും ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിന് നിർമ്മിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. അതുപോലെ ഡന്റൽ കോളേജിന്റെ സ്ഥലപരിമിതി കണക്കിലെടു

LIBRARY ARCHIVES Kerala Legislative Assembly